Statement by Minister Correcting an Answer Previously given

Mr. Speaker : Order order. The hon. Chief Minister wants to make a correction in regard to a question answered on the Floor of the House on 21-2-1964.

Chief Minister (Shri R. Sanker) : In answer to part (c) of starred question No. 323(10) from Shri P. Viswambharan answered on 21-2-'64. I have stated that this Government gets 50% of the expenditure as Central Assistance for Women's Polytechnics. I wish to inform the House that the correct percentage is 75 and not 50 as stated.

CALLING ATTENTION UNDER RULE 61.

Lock-out of Match Factory at Pattambi.

Mr. Seaker : I have received notice under Rule 61 from Shri E.P. Gopalan. I call upon the hon. Member to make the statement.

ശ്രീ. ഇ. പി. ഗോപാലൻ : സർ, പട്ടാംബിയിലെ ഏക വ്യവസായ സ്ഥാപനമായ ഒരു മാച്ച് ഫാക്ടറി കഴിഞ്ഞ 27-ാം തീയതി ലാക്കൗട്ട് ചെയ്തിട്ടുള്ളതായ ഗൗരവതരമായ കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഉദ്ദേശിക്കുന്നത്. 150—ഓളം തൊഴിലാളികളാണ് അവിടെ ജോലി ചെയ്യുന്നത്. അതിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. അവിടെ മിനിമം വേജസ് അനുസരിച്ചുള്ള കൂലിതന്നെ നടപ്പാക്കിയിട്ടുണ്ടോ എന്നു സംശയമാണ്. ഏതായാലും ഇത്ര പെട്ടെന്നു അതു ലാക്കൗട്ട് ചെയ്തതു എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. അവിടെ ആവശ്യമായ സാധനസാമഗ്രികളോ മറ്റുപകരണങ്ങളോ ഇല്ലാതെ വന്നതുകൊണ്ടാണെങ്കിൽ അതിനു ലാക്കൗട്ട് ചെയ്യുക എന്നുള്ളതല്ലാതെ, ലേ ആഫ് ചെയ്യുക മുതലായ നടപടികളാണ് കൈക്കൊള്ളേണ്ടിയിരുന്നതു്. അതൊന്നും ചെയ്യാതെ പെട്ടെന്നു ഇങ്ങനെ ലാക്കൗട്ട് ചെയ്തിട്ടുള്ളതു അന്യായമാണ്. ഏതുതരത്തിലും നീതീകരിക്കാൻ നിവൃത്തിയില്ലാത്ത, തൊഴിലാളികളുടെ മേൽ നടത്തിയ ഒരു പ്രഹരമാണ് എന്നതന്നെ പറയാം. പിന്നെ അവിടെ സ്റ്റോക്ക് കെട്ടിക്കിടപ്പുണ്ടോ എന്നു അറിവില്ല. വിശേഷിച്ചും അവിടെ ഉൽപ്പാദിപ്പിക്കുന്നതു തീപ്പെട്ടിയുടെ കോൽ, പട്ട മുതലായവയാണ്, ഈ ഫാക്ടറി അവിടെ വളരെ പഴയ കാലം മുതൽക്കുതന്നെ നല്ല നിലയിൽ നടന്നുവരുന്ന ഒരു ഫാക്ടറിയാണ്. വളരെ പ്രശസ്തിയാർജ്ജിച്ചിട്ടുള്ള ഒരു ഫാക്ടറിയാണ്, അവിടെ അത്യാവശ്യ സാധനങ്ങളും ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ ലാക്കൗട്ട് ചെയ്തിട്ടുള്ളതു് എന്നു വിശ്വസിക്കാൻ നിവൃത്തിയില്ല.

എതായാലും ഈ 150 തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇതു വലിയ ഒരു നഷ്ടം ഉണ്ടാക്കിത്തീർക്കുകയാണ്. അവർക്ക താൽക്കാലികമായി ഒരു തൊഴിൽ കിട്ടത്തക്ക യാതൊരു നിവൃത്തിയും ഇല്ല. അതുകൊണ്ടു അവർ പട്ടിണിയിലേക്കു പോകുകയേ നിവൃത്തിയുള്ളു. അതുകൊണ്ട് ഈ കാര്യത്തിൽ ഇടപെട്ട അടിയന്തിരമായി ഫാക്ടറിതുറപ്പിക്കുന്നതിനും തൊഴിലാളികൾക്കു ജോലി കിട്ടുന്നതിനും ആവശ്യമായ നടപടികളെടുക്കണം. അതിനു് എന്തെങ്കിലും താമസം വരികയാണെങ്കിൽ മറ്റു യാതൊരു തൊഴിലും എടുക്കാത്തവരാണ് ബഹുഭൂരിപക്ഷം വരുന്ന ഈ സ്ത്രീ തൊഴിലാളികൾ. അവർക്കു വല്ലവിധത്തിലും ഈ ദുരിതം അനുഭവിക്കാതിരിക്കുന്നതിനു ദുരിതാശ്വാസ നടപടി എന്ന നിലയ്ക്കു ഗവണ്മെന്റു അടിയന്തിരമായിട്ടു സഹായം ചെയ്യണം എന്നുള്ളതു ഗവണ്മെന്ററിന്റെ ശ്രദ്ധയിൽപെടുത്തുകയാണ്.

ശ്രീ. കെ. ടി. അച്യുതൻ : നാളെ മറുപടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly